പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 629 02.04.2018 ലെ മറുപടിക്ക്

**കയർ വികാസ് യോജന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീമതി.പി. അയിഷാ പോറ്റി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ വ്യവസായ പുനരുദ്ധാരണം, നവീകരണം, നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിക്കൽ എന്നിവയിലൂടെ കയർ മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി കേന്ദ്രാവിഷ്കൃത പദ്ധതിയായ കയർ ഉദ്യമി യോജന നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ; | എ) കേരളം ഉൾപ്പെടെയുള്ള നാളികേര ഉൽപ്പാദക സംസ്ഥാനങ്ങളിൽ കയർ ബോർഡ് കയർ ഉദ്യമി യോജന നടപ്പാക്കി വരുന്നു. ഇത് മുമ്പ് റിമോട്ട് സ്കീം. (REMOT – Rejuvenation, Modernisation and Technology Upgradation Scheme) എന്നാണ് അറിയപ്പെട്ടിരുന്നത്. 2015-16 വർഷത്തിലാണ് കയർ ഉദ്യമി യോജന എന്ന പേരിൽ ഭേദഗതി ചെയ്ത് അവതരിപ്പിച്ചത്. കയർ ഉദ്യമി യോജന പ്രകാരം സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് ആകെ പദ്ധതി തുകയുടെ 25 ശതമാനത്തിൽ അധികരിക്കാതെ 10 ലക്ഷം രൂപയും പ്രവർത്തന മൂലധനവും അനുവദിക്കും. ധനസഹായ ക്രമം നിശ്ചയിച്ചിരിക്കുന്നത്, ആകെ പദ്ധതി അടങ്കൽ തുകയുടെ 40% സർക്കാർ ഗ്രാന്റ് / സബ്സിഡിയായും 55% ബാങ്ക് ക്രെഡിറ്റായും 5% ഗുണഭോക്തൃ വിഹിതമായും ലഭിക്കത്തക്ക രീതിയിലാണ്. 18 വയസ്സിന് മുകളിൽ പ്രായമുള്ള ഏതൊരു ഇൻഡ്യൻ പൗരനും ഈ പദ്ധതി പ്രകാരം കയർ ഫൈബർ/യാൺ/ഉൽപ്പന്ന യൂണിറ്റ് തുടങ്ങാവുന്നതാണ്. ഇതിന് പ്രത്യേകിച്ച് സാമ്പത്തിക പരിധി നിശ്ചയിച്ചിട്ടില്ല. വ്യക്തികൾ, കമ്പനികൾ , സ്വയം സഹായ സംഘങ്ങൾ, സർക്കാരിതര സംഘടനകൾ, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, ഉൽപ്പാദന സഹകരണ സംഘങ്ങൾ, കൂട്ടുത്തരവാദിത്ത സംഘങ്ങൾ, എൻ.ജി.ഒ എന്നിവയ്ക്കെല്ലാം ഈ പദ്ധതിയ്ക്ക് കീഴിൽ സാമ്പത്തിക സഹായം ലഭ്യമാണ്. 2007-08 കാലഘട്ടത്തിൽ റിമോട്ട് പദ്ധതി ആരംഭിച്ചത് മുതൽ, 4127 യൂണിറ്റുകൾക്കായി ആകെ 3707.90 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം കേരളത്തിൽ അനുവദിച്ചിട്ടുണ്ട് എന്ന് |

| | |
|---|---|
| | കയർ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| ബി) ഗ്രാമീണ മേഖലയിലുള്ള വനിതകൾക്ക് ചകിരി ഉല്പാദന മേഖലയിലും അനുബന്ധ മേഖലകളിലും സ്വയം തൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുന്നതിനായി മഹിളാ കയർ യോജന ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻപ്രകാരം എവിടെയെല്ലാമാണ് സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) ഗ്രാമീണ മേഖലയിലുള്ള വനിതകൾക്ക് ചകിരി ഉല്പാദന മേഖലയിലും അനുബന്ധ മേഖലകളിലും സ്വയം തൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുന്നതിന് കയർ ബോർഡ് ആവിഷ് ക്കരിച്ചിട്ടുള്ള പദ്ധതിയാണ് "മഹിളാ കയർ യോജന". വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പരിശീലനം പൂർത്തിയാക്കുന്ന വനിതകൾക്ക് സ്വയം പ്രവർത്തിപ്പിക്കാവുന്ന മോട്ടോറൈസ്ഡ് റാട്ടുകൾ/പരമ്പരാഗത മോട്ടോറൈസ്ഡ് റാട്ടുകൾ, മറ്റ് കയർ ഉൽപ്പാദന ഉപകരണങ്ങൾ എന്നിവ നൽകുന്നതിന് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. 2 മാസം നീളുന്ന പരിശീലന പരിപാടിക്ക് 1000/- രൂപ പ്രതിമാസം സ്റ്റൈപന്റ് നൽകുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി വരുന്ന ഉപകരണങ്ങളുടെ വിലയുടെ 75%, പരമാവധി 7500/- രൂപ സാമ്പത്തിക സഹായമായി നൽകുന്നു. കേരളം ഉൾപ്പെടെയുള്ള നാളീകേര ഉൽപ്പാദക സംസ്ഥനങ്ങളിൽ കയർ ബോർഡ് ഈ പദ്ധതി നടപ്പാക്കി വരുന്നതായി കയർ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| സി) രാജ്യത്തിനകത്തും പുറത്തും കയർ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച കയർ വികാസ് യോജന പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) രാജ്യത്തിനകത്തും പുറത്തും കയർ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കയർ വികാസ് യോജന. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ 1) ആഭ്യന്തര വിപണിയുടെ വികസനത്തിനുള്ള പ്രോത്സാഹനം 2) കയറ്റുമതി വിപണിയ്ക്കുള്ള പ്രോത്സാഹനം എന്നിവയാണ്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കയർ ബോർഡ് ഷോറൂമുകളും ഡിപ്പോകളും സ്ഥാപിച്ചിട്ടുണ്ട്. കയറിന്റേയും കയർ ഉൽപന്നങ്ങളുടെയും വിപണി വികസനം ലക്ഷ്യമിട്ട് കയർ ബോർഡ് പ്രസ്തുത ഷോറൂമുകളും ഡിപ്പോകളും വഴി രാജ്യത്തുടനീളം ആഭ്യന്തര പ്രദർശനങ്ങൾ നടത്തുന്നു. ഇതുമായി ബന്ധപ്പെട്ട് വിപുലമായ പ്രചരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. വിദേശ രാജ്യങ്ങളിലെ പ്രദർശനങ്ങളിൽ കയറ്റുമതിക്കാരെ പങ്കെടുപ്പിക്കുക, സെമിനാറുകളിലും സമ്മേളനങ്ങളിലും |

| | |
|---|---|
| | പങ്കെടുപ്പിക്കുക, മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസുകൾക്കും കയറ്റുമതിക്കാർക്കും സാമ്പത്തിക സഹായം നൽകുക, കയർ വ്യവസായ അവാർഡുകൾ നൽകുക തുടങ്ങിയവയാണ് കയറ്റുമതി വിപണിയുള്ള പ്രോത്സാഹനം കൊണ്ട് ലക്ഷ്യമിടുന്നത് എന്ന് കയർ ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ